LIBRARY ARCHIVES Kerala Legislative Assembly

'കാപ്ഡെക്-ന്റെ ജോയിന്റ് പ്രോജക്ട് കമ്മിറ്റി

35 (4470) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി.എ.പി.ഡി.ഇ.സി.കെ. (കാപ്ഡെക്)-ന് ഒരു ജോയിന്റ് പ്രോജക്ട് കമ്മിറ്റിയെ നിയമിച്ചുവോ ;

(ബി) അതിലെ അംഗങ്ങളുടെ പേരുവിവരം നൽകുമോ ;

(സി) അവരുടെ വിദ്യാഭ്യാസ യോഗ്യതയും പരിചയവും എന്ത് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ പ്രോജക്ട് കമ്മിറ്റിയുടെ പ്രധാന കർത്തവ്യങ്ങൾ എന്തായിരുന്നു ;

(ഇ) ഈ കർത്തവ്യങ്ങളുടെ അടിസ്ഥാനത്തിൽ ജോയിന്റ് പ്രോജക്ട് കമ്മിറ്റി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയെന്നും കമ്മിറ്റി എത്ര പ്രാവശ്യം യോഗം ചേർന്നുവെന്നും എന്തെല്ലാം തീരുമാനമെടുത്തുവെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) നിയമിച്ചു.

(ബി-ഡി) ബന്ധപ്പെട്ട സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധം ആയി ചേർത്തിട്ടുണ്ട്.*

(ഇ) ജെ.പി.സി. മിനിട്ട്സിന്റെ കോപ്പികൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

'കാപ്ഡെക്'—ജനകീയാസൂത്രണ പരിശീലനത്തിന് ആളുകളെ തെരഞ്ഞെടുത്ത രീതി

36 (4471) ശ്രീ. ടി. വി. ചന്ദ്രമോഹൻ :
ശ്രീ. എ. കെ. മണി :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ :
ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാപ്ഡെക് ജനകീയാസൂത്രണ പരിശീലനത്തിനുവേണ്ടി ആളുകളെ തെരഞ്ഞെടുത്തത് എപ്രകാരമായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) അതിനുവേണ്ടി വ്യാപകമായ പരസ്യങ്ങൾ നൽകിയിരുന്നുവോ ;

(സി) എങ്കിൽ അത് എപ്രകാരമായിരുന്നു ;

(ഡി) ഏതെല്ലാം പത്രങ്ങളിലാണ് പരസ്യം നൽകിയിരുന്നത് ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.